**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2228**

**05-02-2018 ൽ മറുപടിക്ക്**

**കിഫ്ബിയിൽ പ്രവാസി നിക്ഷേപം**

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>വി.കെ.ഇബ്രാഹിം കുഞ്ഞ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി'യിൽ പ്രവാസി നിക്ഷേപം ഉറപ്പുവരുത്തുന്നതിനായി കെ.എസ്.എഫ്.ഇ. വഴി ആരംഭിക്കുമെന്ന് തീരുമാനിച്ചിരുന്ന പ്രവാസിചിട്ടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എത്ര പേർ വരിക്കാരായി ചേർന്നിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | 2017-18 ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി സർക്കാർ കെ.എസ്.എഫ്.ഇയുമായി ചേർന്ന് പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. രണ്ടു ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ സലയുള്ള ചിട്ടികളാണ് നിലവിൽ |
| (ബി) പ്രവാസി ചിട്ടി വഴി ഏകദേശം എത്ര രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി എത്രപേർ വരിക്കാരായി ചേരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; | കിഫ്ബിയ്ക്ക് വേണ്ടി സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇയുമായി ചേർന്ന് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യ വർഷം തന്നെ ഒരു ലക്ഷം പ്രവാസികളെയെങ്കിലും ചിട്ടിയിൽ ചേർക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പൂർണ്ണമായും ഓൺ ലൈനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. കേരളത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പ്രവാസി ബന്ധു സംഗമങ്ങൾ നടത്തുന്നതിലൂടെ പ്രവാസി ചിട്ടിയുടെ സന്ദേശം അവരുടെ ഗൃഹങ്ങളിൽ എത്തിക്കാൻ കഴിഞ്ഞിരിക്കുന്നു. പ്രവാസികൾക്ക് തുടങ്ങാൻ പോകുന്ന വിവിധങ്ങളായ ചിട്ടികളെ പരിചയപ്പെടുത്തുന്നതിനും അവരുടെ താല്പര്യം |

| | |
|---|---|
| | രേഖപ്പെടുത്തുന്നതിനുമായുള്ള വെബ് സൈറ്റ് ഇപ്പോൾ ലഭ്യമാണ്. മറ്റു അനുബന്ധ പ്രവർത്തനങ്ങളായ സോഫ്റ്റ് വെയർ നിർമ്മാണം അന്തിമ ഘട്ടത്തിലും, പ്രത്യേക ഓഫീസ് തുടങ്ങിയവ സജ്ജമായിക്കൊണ്ടിരിക്കുകയുമാണ്. |
| (സി) നിലവിൽ കെ.എസ്.എഫ്.ഇ നടത്തി വരുന്ന മറ്റ് ചിട്ടികളിൽ ഏകദേശം എത്ര പ്രവാസികൾ വരിക്കാരായി നിലവിലുണ്ട്; ചിട്ടിതുക സ്ഥിരം നിക്ഷേപമായി നിക്ഷേപിച്ച പ്രവാസികളുടെ എണ്ണം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ? | പ്രവാസികളിൽ പലരും നാട്ടിലെ വിലാസം ഉപയോഗിച്ച് ചിട്ടി ചേരുന്നതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ